എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം അംഗപരിമിതരെ സ്ഥിരപ്പെടുത്തൽ

252 (944) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താൽക്കാലിക ജോലി ചെയ്തിരുന്ന അംഗപരിമിതരെ അവസാനമായി സ്ഥിരപ്പെടുത്തിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥിരനിയമനത്തിന് അർഹരായ അംഗപരിമിതരെ നിയമിക്കുന്നതിന് തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നവർ എത്രപേരാണ് ;

(സി) യഥാസമയം അപേക്ഷനൽകാൻ കഴിയാതിരുന്നതുമൂലം ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുടെ വിവരങ്ങൾ ലഭ്യമാണോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് 40/13 സാമൂഹ്യനീതി വകുപ്പ് തീയതി 18-5-2013 പ്രകാരം 16-8-1999 മുതൽ 31-12-2003 വരെ 179 ദിവസം താൽക്കാലിക ജോലി ചെയ്ത അംഗപരിമിതരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

(ബി) അഡീഷണൽ ലിസ്റ്റ് ഉൾപ്പെടെ 2677 പേർ ഉൾപ്പെട്ടിരുന്നു.

(സി) യഥാസമയം അപേക്ഷ നൽകാൻ കഴിയാത്ത 40-ഓളം പേർ ഉണ്ടായിരുന്നു. അവർ അപേക്ഷ നൽകിയതിൻ പ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തി ജില്ലാ, ടൗൺ എംപ്ലോയ്മെന്റ് ഓഫീസർമാർ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം

253 (945) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്ര ; വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly